(സി) ഈ ബിൽ നിയമമാക്കുന്നതിനുള്ള തടസ്സമെന്തന്ന് വിശദീകരിക്കുമോ;

(ഡി) ഈ ബിൽ ഉടനടി നിയമമാക്കുന്നതിന് നടപടിയെടുക്കുമോ?

ഉത്തരം

(എ), (ബി), (സി) & (ഡി) ഈ വിഷയം സംബന്ധിച്ച ഒരു ബില്ലിന് രൂപം കൊടുത്തിട്ടില്ല. പക്ഷേ, 2002-ലെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് (കേന്ദ്ര നിയമം) അദ്ധ്യായം രണ്ട് (സെക്ഷൻ 3 മുതൽ 7 വരെ) ഈ രാജ്യത്തെ തനതായ അറിവുകളും ജൈവ സമ്പത്തും മറ്റും വിദേശികൾ ചൂഷണം ചെയ്യുന്നതും അവയുടെ പേറ്റന്റ് മുതലായവ സമ്പാദിക്കുന്നതിനുമെതിരെയുള്ള നടപടികൾ വിഭാവനം ചെയ്യുന്നുണ്ട്. ഈ നിയമം സംസ്ഥാനത്തും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് രൂപീകരിക്കുന്നതിനും ആവശ്യമായ ചട്ടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരികയാണ്.

വെരിഫിക്കേഷൻ ത്വരിതപ്പെടുത്താൻ നടപടി

6 [1477] ശ്രീ. കോവൂർ കുഞ്ഞുമോൻ :

" എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാസ്പോർട്ടുകളുടെ പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിന് ഓരോ ജില്ലയിലും എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പാസ്പോർട്ട് ഓഫീസിൽനിന്നും ഫയൽ എത്തിക്കഴിഞ്ഞാൽ എത്ര ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്നാണ് വ്യവസ്ഥ; വിശദാംശം ലഭ്യമാക്കുമോ;

(സി) സർക്കാർ ഉദ്യോഗത്തിനുൾപ്പെടെ പൊതുജനങ്ങളുടെ വിവിധ ആവശ്യങ്ങൾക്കുള്ള വെരിഫിക്കേഷൻ റിപ്പോർട്ട് അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ എത്ര ദിവസത്തിനുള്ളിൽ ലഭ്യമാക്കും എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകളും റിപ്പോർട്ടുകളും യഥാസമയം നൽകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്;

(ഇ) ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എത്ര പേർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;

(എഫ്) യഥാസമയം വെരിഫിക്കേഷൻ റിപ്പോർട്ട് നൽകാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	തിരുവനന്തപുരം	-	108
	തിരുവനന്തപുരം റൂറൽ	-	217
	കൊല്ലം	-	876
	പത്തനംതിട്ട	-	666
	ആലപ്പുഴ	-	806
	കോട്ടയം	-	662
	ഇടുക്കി	-	249
	എറണാകുളം സിറ്റി	-	618
	എറണാകുളം റൂറൽ	-	434
	തൃശ്ശൂർ	-	76
	പാലക്കാട്	-	685
	മലപ്പുറം	-	538
	വയനാട്	-	625
	കോഴിക്കോട് സിറ്റി	-	1420
	കോഴിക്കോട് റൂറൽ	-	498
	കണ്ണൂർ	-	2593
	കാസർഗോഡ്	-	837
	ആകെ		11908

(ബി) കേന്ദ്രസർക്കാരിന്റെ വിദേശമന്ത്രാലയത്തിന്റെ കത്ത് നമ്പർ 11/20013/3/92 ഐ.എസ്. തീയതി 24-5-1993 പ്രകാരം മൂന്ന് ആഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്നാണ് വ്യവസ്ഥ.

(സി) സർക്കാർ ഉദ്യോഗത്തിന് ഉള്ള വെരിഫിക്കേഷൻ റിപ്പോർട്ട് കഴിയുന്നതും രണ്ട് ആഴ്ചകൾക്കുള്ളിലും, മറ്റ് വിവിധ ആവശ്യങ്ങൾക്കുള്ള വെരിഫിക്കേഷൻ റിപ്പോർട്ട് 7 ദിവസത്തിനകവും നൽകുന്നതാണ്.

(ഡി) സർക്കാരിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) റിപ്പോർട്ട് യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly